തയ്യൽതൊഴിലാളി ക്ഷേമനിധി ആനുകൂല്യം ബാങ്ക് വഴി: മന്ത്രി രാമകൃഷ്ണൻ

തിരുവനന്തപുരം: കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നൽകുമെന്ന് മന്ത്രി ടി.പി. രാമകൃഷ്ണൻ പറഞ്ഞു. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ സേവനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. വർഷത്തിൽ എല്ലാ ദിവസവും ഓൺലൈൻ വഴി അംശദായം അടയ്ക്കാൻ സൗകര്യമുണ്ടാക്കിയിട്ടുണ്ട്. എസ്.എം.എസ് മുഖേന ഇതുസംബന്ധിച്ച വിവരങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കും. ക്ഷേമനിധി പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടിയെടുക്കും. ഈ സർക്കാർ 124 കോടി രൂപയുടെ ആനുകൂല്യം വിതരണം ചെയ്തു. 81 കോടിയും പെൻഷൻ ഇനത്തിലാണ് നൽകിയതെന്നും മന്ത്രി പറഞ്ഞു.

തച്ചങ്കരിക്ക് ജീവനക്കാരുടെ വക പിറന്നാൾ കേക്ക്

തിരുവനന്തപുരം: രണ്ടു വർഷം മുമ്പ് ട്രാൻസ്‌പോർട്ട് കമ്മിഷണറായിരിക്കെ പിറന്നാൾ ആഘോഷം നടത്തി പുലിവാല് പിടിച്ച ടോമിൻ ജെ. തച്ചങ്കരിക്ക് ഇത്തവണ ജീവനക്കാരുടെ വക പിറന്നാൾ കേക്ക്. സ്വന്തം കാബിനിൽ തച്ചങ്കരി കേക്ക് മുറിക്കുകയും ചെയ്തു. മുമ്പ് പിറന്നാളിന് എല്ലാ ആർ.ടി ഓഫീസുകളിലും ലഡു വിതരണം ചെയ്തതാണ് വിവാദമായത്. സംഭവത്തിൽ അന്വേഷണം നടത്താൻ ഗതാഗത മന്ത്രി എ.കെ. ശശീന്ദ്രൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു. വകുപ്പിലുള്ളവരെല്ലാം തന്റെ സഹോദരീ സഹോദരന്മാരാണെന്നും അതിനാലാണ് വ്യത്യസ്തമായ രീതിയിൽ പിറന്നാൾ ആഘോഷിച്ചതെന്നുമാണ് തച്ചങ്കരി അന്ന് വിശദീകരണം നൽകിയത്.

ധർണ നടത്തി

തിരുവനന്തപുരം: പോളിസി പ്രീമിയത്തിന് ഏർപ്പെടുത്തിയ ജി.എസ്.ടി പിൻവലിക്കുക, ഏജന്റുമാർക്ക് ക്ഷേമനിധി, പെൻഷൻ, മെഡിക്ലെയിം എന്നിവ നടപ്പിലാക്കുക, ഡയറക്ട് മാർക്കറ്റിംഗ് പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് എൽ.ഐ.സി ഏജന്റ്സ് ഓർഗനൈസേഷൻ ഒഫ് ഇന്ത്യ (സി.ഐ.ടി.യു) രാജ്യ വ്യാപകമായി എൽ.ഐ.സി ഡിവിഷണൽ ഓഫീസുകൾക്ക് മുന്നിൽ ധർണ നടത്തി. പട്ടം എൽ.ഐ.സി ഓഫീസിന് മുന്നിൽ നടത്തിയ ധർണ സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു.

ധർണ നടത്തും

തിരുവനന്തപുരം: കയർ സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുക, കുറഞ്ഞ പ്രതിമാസ ശമ്പളം 18000 രൂപയാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കൗൺസലിന്റെ നേതൃത്വത്തിൽ കയർ സംഘം ജീവനക്കാർ 14ന് കയർ ഡയറക്ടറേറ്റിലേക്ക് മാർച്ചും ധർണയും നടത്തും. എ.ഐ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും.

നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടിട്ട് 23 വർഷം

സ്പെഷ്യൽ റൂൾസ് തയ്യാറാക്കാതെ സഹ. അപ്പക്സ് സ്ഥാപനങ്ങൾ

■ പ്രതീക്ഷ കൈവിട്ട് ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ

▶ സി.വിമൽകുമാർ

കൊല്ലം: സംസ്ഥാനത്തെ അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സിക്ക് വിട്ട് 23 വർഷം കഴിഞ്ഞിട്ടും ഭൂരിപക്ഷം സ്ഥാപനങ്ങളിലും നിയമനം സുതാര്യതയില്ലാതെ. ഏഴ് സ്ഥാപനങ്ങളിൽ മാത്രമാണ് പി.എസ്.സി വഴി നിയമനം നടത്തുന്നത്. ഇതുകാരണം ഈ മേഖലയിൽ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്കാണ് തൊഴിലവസരം നഷ്ടപ്പെടുന്നത്.

1995ൽ എ.കെ. ആന്റണി സർക്കാരാണ് സഹകരണ അപ്പക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സിക്ക് വിട്ടത്. പല സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കാതെയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെയും ഫയലുകൾ പൂഴ്ത്തിയും പി.എസ്.സി നിയമനത്തിൽ നിന്നൊഴിവാകുകയാണ്.

സംസ്ഥാനത്തെ സഹകരണ അപ്പക്സ് സ്ഥാപനങ്ങളിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി വഴിയേ നടത്താവൂ എന്ന് 1996ൽ സർക്കുലറും ഇറക്കിയിരുന്നു.

സഹകരണ വകുപ്പിന് കീഴിലല്ലെങ്കിലും സഹകരണ രജിസ്ട്രാർ ആഡിറ്റിംഗ് നടത്തുന്ന നിരവധി സ്ഥാപനങ്ങൾ വിവിധ വകുപ്പുകൾക്ക് കീഴിലുണ്ട്. ഈ സ്ഥാപനങ്ങളിൽ വർഷങ്ങളായി തസ്തികകൾ നികത്തുന്നത് കരാർ, പിൻവാതിൽ നിയമനങ്ങളിലൂടെയാണ്. ആദ്യം ദിവസ വേതനത്തിൽ നിയമിച്ച് പിന്നീട് കരാർ നിയമനമാക്കും.

തുടർന്ന് സ്ഥിരം നിയമനമാക്കുന്നതാണ് രീതി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെപ്പോലും ഈ സ്ഥാപനങ്ങൾ നോക്കുകുത്തിയാക്കുകയാണെന്നാണ് ഉദ്യോഗാർത്ഥികളുടെ പരാതി. രാഷ്ട്രീയ ബന്ധങ്ങളും ഇടപെടലുകളുമാണ് പല സ്ഥാപനങ്ങളും നിയമനത്തിന് മാനദണ്ഡമാക്കുന്നത്.

നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടും മുമ്പ് നിയമന ചട്ടം രൂപീകരിക്കാൻ സ്പെഷ്യൽ റൂൾസ് തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ പല സ്ഥാപനങ്ങളും ഇതിന് തയ്യാറാകാതെ വർഷങ്ങളായി തടിതപ്പുകയാണ്. ചില ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് (കാർഡ് ബാങ്ക്) സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ നിർബന്ധിതരായിട്ടുണ്ട്. എന്നാൽ നിയമന നടപടികളായിട്ടില്ല. 500 ലധികം ഒഴിവുകൾ കാർഡ് ബാങ്കിലുണ്ട്.

KAUMUDI SPECIAL

സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്ത സ്ഥാപനങ്ങൾ:

ടൂർഫെഡ്, വനിതാഫെഡ്, ഹോസ്പിറ്റൽ ഫെഡ്, ലേബർഫെഡ്, മാർക്കറ്റ്ഫെഡ്, കേരഫെഡ്, കാപ്പക്സ്, സുരഭി, ടെക്സ്റ്റ്ഫെഡ്, കയർഫെഡ്, റൂട്രോണിക്സ്.

പി.എസ്.സി വഴി നിയമനം നടത്തുന്ന സ്ഥാപനങ്ങൾ:

മിൽമ, ഹാൻടെക്സ്, കൺസ്യൂമർഫെഡ്, ഹൗസ്ഫെഡ്, സംസ്ഥാന സഹകരണ ബാങ്ക്, പട്ടികജാതി- പട്ടികവർഗ വികസന കോർപറേഷൻ, മത്സ്യഫെഡ്, ജില്ലാ സഹകരണ ബാങ്ക്

വയൽക്കിളികൾ തടഞ്ഞു; പരിശോധന നടത്താതെ കേന്ദ്ര സംഘം മടങ്ങി

തളിപ്പറമ്പ് (കണ്ണൂർ): കീഴാറ്റൂരിലെ ബൈപാസ് നിർമ്മാണത്തിൽ വന്നപെട്ട കുരുക്കഴിക്കുന്നതിന്റെ ഭാഗമായി പരിശോധനയ്ക്കെത്തിയ ദേശീയപാത ഉന്നതോദ്യോഗ സ്ഥസംഘത്തിന് വയൽക്കിളികളുടെ ചെറുത്തുനില്പിനെതുടർന്ന് മടങ്ങേണ്ടിവന്നു.

നാഷണൽ ഹൈവേ അതോറിട്ടി കേരള റീജിയണൽ ഓഫീസർ ലെഫ്. കേണൽ ആശിഷ് ദ്വിവേദി, പ്രോജക്ട് ഡയറക്ടർ നിർമ്മൽ മനോഹർ സാഥേ എന്നിവർക്കൊപ്പം കൺസൽട്ടിംഗ് ഏജൻസിയായ ഐകോമിന്റെ സോണൽ മേധാവി രവി വെങ്കിടപ്പ, കൺസൽട്ടന്റ് കെ.അബ്ദുള്ള എന്നിവരും റവന്യു ഉദ്യോഗസ്ഥരുമുണ്ടായിരുന്നു.

കീഴാറ്റൂർ വയൽ 25 മീറ്ററും കരഭൂമി 25 മീറ്ററും കണക്കാക്കി അളന്നു തുടങ്ങിയതോടെ സുരേഷ് കീഴാറ്റൂരിന്റെ നേതൃത്വത്തിൽ വയൽക്കിളികൾ രംഗത്തെത്തി എതിർത്തു.

ഈ രീതിയിൽ അളന്നാൽ വയലിനു പുറമെ മുപ്പതോളം വീടുകളും ഇല്ലാതാവുമെന്നു പറഞ്ഞായിരുന്നു പ്രതിഷേധം. ഇത് വാക്കേറ്റത്തിനിടയാക്കിയതോടെ പരിശോധന പൂർത്തിയാക്കാനാവാതെ സംഘം മടങ്ങുകയായിരുന്നു.

കഴിഞ്ഞ നാലിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ കണ്ട് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ഉന്നതതല സംഘം ഇന്നലെ മുന്നറിയിപ്പൊന്നുമില്ലാതെ കീഴാറ്റൂരിലെത്തിയത്.

കാൻസർ ഗവേഷണത്തിന് എം.വി.ആർ കാൻസർ സെന്ററും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും

കോഴിക്കോട്: എം. വി. ആർ കാൻസർ സെന്റർ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും കാൻസർ ഗവേഷണത്തിന് സഹകരിക്കാൻ കരാർ ഒപ്പിട്ടു.

ധാരണ അനുസരിച്ച് കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ കഴിഞ്ഞ 15 വർഷമായി കാൻസറിന് നൽകിയ ചികിത്സ എം.വി.ആർ കാൻസർ സെന്റർ ശാസ്ത്രീയമായി വിലയിരുത്തുകയും സെന്ററിലെ നൂതനമായ ഗവേഷണ സൗകര്യങ്ങൾ ഭാവിയിലെ രോഗികൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുമെന്ന് എം. വി. ആർ കാൻസർ സെന്റർ മെഡിക്കൽ ഡയറക്ടർ ഡോ. നാരായണൻകുട്ടി വാര്യരും കോട്ടയ്ക്കൽ ആര്യവൈദ്യശാല ചീഫ് സൂപ്രണ്ട് ഡോ. പി.എം. വാര്യരും വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സങ്കര ചികിത്സയല്ല പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്നും ആയുർവേദ ചികിത്സാരീതികൊണ്ട് നേട്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അത് ആധുനിക ചികിത്സാരീതിയിലൂടെ രോഗികൾക്ക് നൽകുകയാണ് ലക്ഷ്യമെന്നും ഡോ. നാരായണൻകുട്ടി വാര്യർ പറഞ്ഞു.

ക്ഷേമനിധി ബോർഡ് പെൻഷന് 188 കോടി അനുവദിച്ചു

തിരുവനന്തപുരം: ഓണക്കാലത്ത് പെൻഷനും കുടിശികയും വിതരണം ചെയ്യാൻ ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ 188.5628843 കോടി രൂപ അനുവദിച്ചു. മത്സ്യ, ക്ഷീര കർഷക, ലോട്ടറി, കയർ, ഖാദി, ട്രേഡേഴ്സ് വെൽഫെയർ, ചെറുകിട തോട്ടം, ഈറ്റ, കാട്ടുവള്ളി, തഴ, ബീഡി, സിഗാർ, തയ്യൽ, കൈത്തറി, കശുഅണ്ടി, ചുമട്ട്, അലക്ക്, ആഭരണ, അസംഘടിത (റിട്ടയേർഡ്), ബാർബർ ബ്യൂട്ടീഷ്യൻ, അസംഘടിത തൊഴിലാളി ബോർഡുകളിലായി 34,6462 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

ബി.എം.എസ് ദേശീയ പ്രവർത്തക സമിതി യോഗം തുടങ്ങി

കൊച്ചി: ബി.എം.എസ് ദേശീയ പ്രവർത്തക സമിതി യോഗം എളമക്കര ഭാസ്കരീയം കൺവെൻഷൻ സെന്ററിൽ ആരംഭിച്ചു. ദേശീയ പ്രസിഡന്റ് സി.കെ. സജിനാരായണൻ ഉദ്ഘാടനം ചെയ്തു.

മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ സുരക്ഷിതത്വവും സാമൂഹിക സുരക്ഷാ പദ്ധതികളും ഉറപ്പാക്കുന്ന വേതന സംഹിതാ ബില്ലും സാമൂഹിക സുരക്ഷാ ബില്ലും ഉടൻ പാർലമെന്റിൽ അവതരിപ്പിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

കരാർ തൊഴിലിനെതിരെ ബി.എം.എസ് പ്രക്ഷോഭം സംഘടിപ്പിക്കും. കടുത്ത ചൂഷണമാണ് കരാർ മേഖലയിൽ നിലവിലുള്ളത്. ഈ സ്ഥിതി തുടർന്നാൽ പത്തു വർഷത്തിനകം സ്ഥിരം തൊഴിൽ സംവിധാനം രാജ്യത്ത് ഇല്ലാതാകും. കുറഞ്ഞ കൂലിയോ സാമൂഹ്യ സുരക്ഷാ പദ്ധതികളോ നടപ്പാകുന്നില്ല. ഇക്കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യ ഉത്തരവാദികളാണെന്നും യോഗം കുറ്റപ്പെടുത്തി. ആർ.എസ്.എസ് അഖില ഭാരതീയ സഹസർകാര്യ വാഹക് വി.ഭാ. ഗയ്യാജി, ബി.എം.എസ് ദേശീയ ജനറൽ സെക്രട്ടറി വിർജേഷ് ഉപാദ്ധ്യായ, സംഘടനാ സെക്രട്ടറി ബി. സുരേന്ദ്ര എന്നിവർ പങ്കെടുത്തു.

ഇന്നു മുതൽ മൂന്ന് ദിവസം ട്രെയിൻ ഗതാഗത നിയന്ത്രണം

■ അമൃതയും ഗുരുവായൂരും പുറപ്പെടാൻ വൈകും
■ 8 ട്രെയിനുകൾ റദ്ദാക്കി

തിരുവനന്തപുരം: എറണാകുളത്തിനും ഇടപ്പള്ളിക്കുമിടയിൽ ട്രാക്കിൽ പണി നടക്കുന്നതിനാൽ ഇന്നു മുതൽ 14 വരെ സംസ്ഥാനത്ത് ട്രെയിൻ ഗതാഗത നിയന്ത്രണമുണ്ടാകും. എറണാകുളത്തുനിന്നുള്ള നിലമ്പൂർ പാസഞ്ചർ, കണ്ണൂർ ഇന്റർസിറ്റി, തൃശ്ശൂരിൽ നിന്നുള്ള ഗുരുവായൂർ പാസഞ്ചർ, കണ്ണൂരിൽ നിന്നുള്ള എറണാകുളം ഇന്റർസിറ്റി, ഗുരുവായൂരിൽ നിന്ന് എറണാകുളത്തേക്കും തൃശ്ശൂരിലേക്കുമുള്ള പാസഞ്ചറുകൾ, നിലമ്പൂരിൽ നിന്നുള്ള എറണാകുളം പാസഞ്ചർ എന്നിവ ഉൾപ്പെടെ എട്ട് സർവീസുകൾ 14 വരെ റദ്ദാക്കി.

തിരുവനന്തപുരത്തുനിന്ന് രാത്രി 10.30 നുള്ള അമൃത എക്സ്പ്രസ് 11.30നും രാത്രി 11.15നുള്ള ഗുരുവായൂർ എക്സ്പ്രസ് അര മണിക്കൂർ വൈകി 11.45നും രാത്രി 12.30നുള്ള നിസാമുദ്ദീൻ പ്രതിവാര എക്സ്പ്രസ് പുലർച്ചെ 1.30 നും ആണ് പുറപ്പെടുക. എറണാകുളത്തുനിന്ന് രാവിലെ 5.15നുള്ള പൂനെ ദ്വൈവാര എക്സ്പ്രസ് 6.15നും പുലർച്ചെ 3.25 ന് പുറപ്പെടേണ്ട ഗുരുവായൂർ എക്സ്പ്രസ് രാവിലെ 7നും പുലർച്ചെ 2.55 നുള്ള അമൃത 5.45നുമായിരിക്കും പുറപ്പെടുക.

തിരക്ക് നിയന്ത്രിക്കാൻ ഏറനാട്, ഗുരുവായൂർ വണ്ടികൾക്ക് കാലടി അങ്കമാലി, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ മൂന്ന് ദിവസങ്ങളിലും സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

പൊലീസ് സമ്മേളനത്തിലെ രക്തസാക്ഷി മണ്ഡപം ഇനി വെള്ള

തിരുവനന്തപുരം: രക്തസാക്ഷി മണ്ഡപത്തിന്റെ നിറം ചുവപ്പിൽ നിന്ന് വെള്ളയാക്കി മാറ്റാൻ പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ തീരുമാനിച്ചു. അസോസിയേഷന്റെ പതാകയും വെള്ളയാണ്. സമ്മേളനങ്ങളിലെ മുദ്രാവാക്യം വിളിയും ചുവപ്പ് ഉടുപ്പണിഞ്ഞ് അണിനിരക്കുന്നതും ഒഴിവാക്കാൻ തീരുമാനിച്ചു. അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിൽ രക്തസാക്ഷിസ്തൂപം ഒരുക്കിയത് വിവാദമായതിനെത്തുടർന്നാണ് നടപടി.

ജനങ്ങളെ യജമാനൻമാരായി കാണണമെന്നും പരാതിക്കാരെ സർ, സഹോദരൻ, സുഹൃത്ത് എന്നിങ്ങനെ സംബോധന ചെയ്യണമെന്നും സേനാംഗങ്ങൾക്ക് അസോസിയേഷൻ നിർദ്ദേശം നൽകി. കൊടുംക്രിമിനലുകളെ കാണുന്ന മനോഭാവത്തിൽ പെറ്റിക്കേസിൽപെട്ടവരെ കാണരുത്. മോഷണക്കേസിലെ പ്രതിയുടെ കുറ്റം തെളിയിച്ച് കൊലക്കേസിൽ പ്രതിയായി മാറുന്ന സ്ഥിതി ഇനിയുണ്ടാവരുതെന്നും ഉരുട്ടിക്കൊലക്കേസിന്റെ പശ്ചാത്തലത്തിൽ അസോസിയേഷൻ മുന്നറിയിപ്പ് നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അസോസിയേഷൻ 5ലക്ഷം രൂപ സംഭാവന നൽകി.

വിളംബരം

വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷ 13ന്

തിരുവനന്തപുരം: ആഗസ്റ്റ് ഒൻപതിന് നടത്താൻ നിശ്ചയിച്ചിരുന്ന വൊക്കേഷണൽ ഹയർസെക്കൻഡറി ഒന്നാം വർഷ ഇംഗ്ലീഷ്, ബയോളജി ഇംപ്രൂവ്മെന്റ് പരീക്ഷകൾ 13ന് നടത്തും. സമയക്രമത്തിൽ മാറ്റമില്ല.

പത്രപ്രവർത്തക പെൻഷൻ വിതരണം

കൊച്ചി: ആഗസ്റ്റിലെ പത്രപ്രവർത്തക പെൻഷൻ ട്രഷറികളിൽ നിന്ന് വിതരണം ചെയ്തു തുടങ്ങിയതായി സീനിയർ ജേണലിസ്റ്റ്സ് ഫോറം ജനറൽ സെക്രട്ടറി എ. മാധവൻ അറിയിച്ചു.

ആർമി റിക്രൂട്ട്മെന്റ് പരീക്ഷാഫലം

തിരുവനന്തപുരം: ആർമി റിക്രൂട്ട്മെന്റിനായി ജൂലായ് 29 ന് നടത്തിയ പൊതുപ്രവേശനപരീക്ഷാ ഫലം http://joinindianarmy.nic.in/final-result.htm ൽ. തിരഞ്ഞെടുക്കപ്പെട്ടവർക്ക് സെപ്തംബർ 15 ന് പരിശീലനം ആരംഭിക്കും.

പെൻഷൻ കുടിശിക വിതരണം

തിരുവനന്തപുരം: 2017 സെപ്തംബർ മുതൽ 2018 ജൂലായ് വരെയുള്ള വ്യാപാരിക്ഷേമ ബോർഡ് പെൻഷൻ കുടിശിക 13 മുതൽ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് 0471 2474054, 2474049.

അവാർഡിന് അപേക്ഷിക്കാം

കൊച്ചി : വഖഫ് സ്ഥാപനങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയിട്ടുള്ള മുതവല്ലി/ മാനേജ്മെന്റ് കമ്മിറ്റികൾക്ക് ഖുആമി വഖഫ് ബോർഡ് തറാഇക്കത്തി സ്കീമിന്റെ ഭാഗമായി നൽകുന്ന അവാർഡിന് അപേക്ഷിക്കാം. അപേക്ഷകൾ 14ന് വൈകിട്ട് 5ന് മുമ്പായി എറണാകുളം കലൂർ സ്റ്റേഡിയത്തിന് സമീപമുള്ള വഖഫ് ബോർഡ് ഹെഡ് ഓഫീസിൽ ലഭിക്കണം. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫ് സ്ഥാപനങ്ങളുടെ മുതവല്ലിമാരെയാണ് പരിഗണിക്കുക. വിശദ വിവരങ്ങളും അപേക്ഷാ ഫാറവും www.keralastatewakfboard.in ലും ബോർഡിന്റെ വിവിധ ഓഫീസുകളിലും ലഭ്യമാണ്.

ബി.ഫാം സ്പോട്ട് അലോട്ട്മെന്റ്

വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ ബി.ഫാം കോഴ്സിൽ ഒഴിവുള്ള സീറ്റുകളിൽ കേരള പ്രവേശന കമ്മിഷണർ പ്രസിദ്ധീകരിച്ച കേരള മെഡിക്കൽ/ എൻജിനിയറിംഗ്/ ഫാർമസി ബി.ഫാം പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റിൽ നിന്ന് സ്പോട്ട് അലോട്ട്മെന്റ് നടത്തും. 13ന് രാവിലെ 9.30 ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ യോഗ്യത തെളിയിക്കുന്ന രേഖകൾ, ടി.സി, മറ്റ് അനുബന്ധ രേഖകൾ തുടങ്ങിയവ ഹാജരാക്കുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് ലഭിക്കുന്നവർ 14നകം തന്നെ ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക് www.kerala.gov.in.

എം.ബി.എ

തിരുവനന്തപുരം

സീറ്റൊഴിവ്

കിറ്റ്സിൽ എം.ബി.എ (ട്രാവൽ ആൻഡ് ടൂറിസം) കോഴ്സിലേക്ക് സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സഹിതം 13ന് മുൻപ് കിറ്റ്സിൽ നേരിട്ട് ബന്ധപ്പെടണം. വെബ്സൈറ്റ്: www.kittsedu.org ഫോൺ: 0471 2327707, 9447134484

ബി.ടെക് സ്പോട്ട് അഡ്മിഷൻ

കോ-ഓപ്പറേറ്റീവ് അക്കാഡമി ഒഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) മുട്ടത്തറ, പെരുമൺ, പത്തനാപുരം, ആറന്മുള, പുന്നപ്ര, കിടങ്ങൂർ, വടകര, തലശേരി, തൃക്കരിപ്പൂർ എൻജിനിയറിംഗ് കോളേജുകളിലെ ബി.ടെക് കോഴ്സിലേക്ക് മെരിറ്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ സീറ്റുകളിലെ ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ 13ന് നടത്തും. താൽപര്യമുള്ളവർ അതത് കോളേജുകളിൽ ഹാജരാകണമെന്ന് ഡയറക്ടർ അറിയിച്ചു. ഫോൺ: 9207046450. വെബ്സൈറ്റ്: www.capekerala.org.

എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി ഫോർ വുമണിൽ ബി.ടെക് ലാറ്ററൽ എൻട്രി കോഴ്സുകളിൽ (CSE,ECE,CE, AE & IT) ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ 14ന് രാവിലെ 11 ന് നടത്തും. ലാറ്ററൽ എൻട്രി പരീക്ഷ പാസായ എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ യോഗ്യതയുടെ അസൽ സർട്ടിഫിക്കറ്റ്, ടി.സി, ഫീസ് എന്നിവയുമായി സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. വെബ്സൈറ്റ്: www.lbsitw.ac.in ഫോൺ: 0471 2349232, 9447347193, 9447076711.

ഓംബുഡ്സ്മാൻ സിറ്റിംഗ് മാറ്റി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ ജസ്റ്റിസ് കെ.കെ.ദിനേശൻ 13,14 തീയതികളിൽ പാലക്കാട് ജില്ലാപഞ്ചായത്ത് ഹാളിൽ നടത്താൻ നിശ്ചയിച്ചിരുന്ന സിറ്റിംഗ് മാറ്റിവച്ചു. ഈ തീയതിയിൽ വിചാരണയ്ക്ക് വച്ച കേസുകൾ യഥാക്രമം 22, 23, തീയതികളിൽ പരിഗണിക്കും.

ആംഗ്യഭാഷാ പരിഭാഷക നിയമനം

തിരുവനന്തപുരം: സർക്കാർ വനിതാ പോളിടെക്നിക്കിൽ കമ്പ്യൂട്ടർ വിഭാഗത്തിൽ ഹിയറിംഗ് ഇംപയേർഡ് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് ആംഗ്യഭാഷ പരിഭാഷകരെ നിയമിക്കുന്നു. എം.എസ്. ഡബ്ളിയു/ എം.എ സോഷ്യോളജി/ എം.എ സൈക്കോളജി ആൻഡ് ഡിപ്ലോമ ഇൻ സൈൻ ലാംഗ്വേജ് ഇന്റർപ്രട്ടേഷൻ (ആർ.സി.ഐ അംഗീകാരം) ആണ് യോഗ്യത. യോഗ്യതാസർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം 13ന് രാവിലെ 10ന് പ്രിൻസിപ്പൽ മുമ്പാകെ കൂടിക്കാഴ്ചയ്ക്ക് എത്തണം.

വാക് ഇൻ ഇന്റർവ്യൂ

ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ (സി.ഡി.സി) ലൈബ്രറി ഗ്രാജ്വേറ്റ് അപ്രന്റീസ് ട്രെയിനിയുടെ വാക്ഇൻ ഇന്റർവ്യൂ 30ന് രാവിലെ 11ന് സി.ഡി.സിയിൽ നടത്തും.

കമ്പ്യൂട്ടർ പ്രോഗ്രാമർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ നിയമിക്കുന്നതിന് വാക് ഇൻ ഇന്റർവ്യൂ നടത്തും. ജി.ഐ.എസ് റിമോട്ട് സെൻസിംഗ് എന്നിവയിൽ വൈദഗ്ദ്ധ്യമുള്ള കമ്പ്യൂട്ടർ സയൻസ് (ബി.ടെക്), കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, അഗ്രികൾച്ചർ, ജിയോളജി, ജ്യോഗ്രഫി, ബേസിക് സയൻസ് ബിരുദമുള്ളവർക്ക് കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ അപേക്ഷിക്കാം. ജിയോസ്പാറ്റൽ ടെക്നോളജി, ജി.ഐ.എസ്, റിമോട്ട് സെൻസിംഗ്, സ്പാറ്റൽ ഐ.ടി, ജിയോ ഇൻഫർമാറ്റിക്സ് എം.ടെക് അഭികാമ്യം. അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം വേണം. ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയ്ക്ക് ബിരുദവും പി.ജി.ഡി.സി.എയുമാണ് യോഗ്യത. അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം.

തിരുവനന്തപുരം വഴുതക്കാട് സെന്റർ പ്ലാസ ബിൽഡിംഗിലെ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റിൽ 16ന് രാവിലെ 10ന് കമ്പ്യൂട്ടർ പ്രോഗ്രാമറുടെയും ഉച്ചയ്ക്ക് രണ്ടിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെയും ഇന്റർവ്യൂ നടക്കും.

ഉദ്യോഗാർത്ഥികൾ ബയോഡേറ്റയ്ക്കൊപ്പം വയസ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളുമായി ഇന്റർവ്യൂവിനെത്തണം. ഫോൺ: 0471 2339899.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

■ പരീക്ഷ മാറ്റി

14 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.കോം (എസ്.ഡി.ഇ-2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'മോഡേൺ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് യൂസേജ്' എന്ന പേപ്പർ സെപ്തംബർ 17 ലേക്ക് മാറ്റി. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

17 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എ, ബി.എസ് സി (എസ്.ഡി.ഇ-2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'മോഡേൺ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് യൂസേജ്' എന്ന പേപ്പർ സെപ്തംബർ 17 ലേക്ക് മാറ്റി.

■ പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തിയ അവസാന വർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ സപ്ലിമെന്ററി പുതിയ സ്കീം (2013 അഡ്മിഷൻ മുതൽ) പഴയ സ്കീം (2013 അഡ്മിഷന് മുമ്പ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 25 വരെ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആൻഡ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് (കരിയർ റിലേറ്റഡ്) 2016 അഡ്മിഷൻ റഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി, 2013 & 2014 അഡ്മിഷൻ - സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ. മൂന്നാം സെമസ്റ്റർ ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷൻസ് റഗുലർ - 2016 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി - 2015 അഡ്മിഷൻ, സപ്ലിമെന്ററി - 2013, 2014 അഡ്മിഷൻ പരീക്ഷാഫലം വെബ്സൈറ്റിൽ.

■ പരീക്ഷാകേന്ദ്രം

13ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയ്ക്ക് പങ്കജകസ്തൂരി കോളേജ് സെന്ററായി അപേക്ഷിച്ച വിദ്യാർത്ഥികൾ ട്രിനിറ്റി കോളേജ് ഒഫ് എൻജിനിയറിംഗ് നരുവാമൂട് നിന്ന് ഹാൾ ടിക്കറ്റ് കൈപ്പറ്റി അവിടെ പരീക്ഷ എഴുതണം.

■ പരീക്ഷാഫീസ്

സെപ്തംബർ 24ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ (2013& 2014 അഡ്മിഷൻ - വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ 21 വരെയും, 50 രൂപ പിഴയോടെ 31 വരെയും 125 രൂപ പിഴയോടെ സെപ്തംബർ 3 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിനോടൊപ്പം 200 രൂപ മൂല്യനിർണയ ക്യാമ്പ് ഫീസും അടയ്ക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാകേന്ദ്രം മാത്രമേ ഉണ്ടാവുകയുള്ളൂ.

■ സ്പോട്ട് അഡ്മിഷൻ

കാര്യവട്ടത്തുള്ള യൂണിവേഴ്സിറ്റി കോളേജ് ഒഫ് എൻജിനിയറിങിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിൽ ഇ.സി, സി.എസ്, ഐ.ടി ബ്രാഞ്ചുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 13, 14 തീയതികളിൽ രാവിലെ 10 മണി മുതൽ കോളേജിൽ നടത്തും. ഫോൺ: 9037119776.

■ സൂക്ഷ്മപരിശോധന

ബി.ടെക് (2008 സ്കീം) ഒന്നാം സെമസ്റ്റർ പാർട്ട്ടൈം റീസ്ട്രക്ചേർഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ 13 മുതൽ 21 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

എം.ജി
www.mgu.ac.in

■ ഡിഗ്രി ഏകജാലകം: ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ്

ഡിഗ്രി പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങൾ സഹിതം 13ന് വൈകിട്ട് 4.30ന് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കേളേജിൽ പ്രവേശനം നേടണം.

■ അപേക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ് സി (2016 അഡ്മിഷൻ സപ്ലിമെന്ററി ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷയ്ക്ക് പിഴയില്ലാതെ 14 വരെയും 50 രൂപ പിഴയോടെ 16 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 17 വരെയും അപേക്ഷിക്കാം. ഫീസടച്ചിട്ടുള്ളവർ വീണ്ടും ഫീസടയ്ക്കേണ്ടതില്ല.

■ പരീക്ഷാഫലം

സ്കൂൾ ഒഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ നാലും ആറും സെമസ്റ്റർ ബി.ബി.എ എൽ എൽ.ബി. (ഒണേഴ്സ്/ പഞ്ചവത്സരം റഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 21 വരെ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.സി.എ (2016 അഡ്മിഷൻ റഗുലർ അഫിലിയേറ്റഡ് കേളേജുകൾ മാത്രം, 2011 2015 അഡ്മിഷൻ സപ്ലിമെന്ററി അഫിലിയേറ്റഡ് കേളേജുകൾ & സ്റ്റാസ്)/ ലാറ്ററൽ എൻട്രി കോഴ്സ് (2016 അഡ്മിഷൻ റഗുലർ/2013 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 23 വരെ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എജ്യൂക്കേഷൻ എൽ.ഡി. & ഐ.ഡി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 23 വരെ അപേക്ഷിക്കാം.

കാലിക്കറ്റ്
www.universityofcalicut.info

■ മാർക്ക്‌ലിസ്റ്റ്

വിദൂരവിദ്യാഭ്യാസം എം.എ ഇംഗ്ലീഷ് പ്രീവിയസ് മേയ് 2017 പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ 13 മുതൽ വിതരണം ചെയ്യും. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ്, തൃശ്ശൂർ ഗവൺമെന്റ് കോളേജ് എന്നിവിടങ്ങളിൽ പരീക്ഷ എഴുതിയവർ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്നും, മൊകേരി ഗവൺമെന്റ് കോളേജിൽ പരീക്ഷ എഴുതിയവർ മടപ്പള്ളി ഗവൺമെന്റ് കോളേജിൽ നിന്നും മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം.

■ സ്പെഷ്യൽ പരീക്ഷ

അന്തർസർവകലാശാലാമത്സരങ്ങൾ /എൻ.സി.സി, എൻ.എസ്.എസ് ക്യാമ്പ് എന്നിവയിൽ പങ്കെടുത്തത് മൂലം രണ്ടാം സെമസ്റ്റർ ബി.കോം/ബി.ബി.എ (സി.യു.സി.ബി.സി.എസ്.എസ്) റഗുലർ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കായി സ്പെഷ്യൽ പരീക്ഷ സർവകലാശാലാ ഫിസിക്കൽ എഡ്യുക്കേഷൻ പഠനവിഭാഗത്തിൽ സെപ്തംബർ മൂന്നിന് ആരംഭിക്കും.

■ ബി.എ കോംപ്ലിമെന്ററി കോഴ്സ് പരീക്ഷ

ജൂലായ് 23ന് നടത്താനിരുന്ന അഫിലിയേറ്റഡ് കോളേജ്/ വിദൂരവിദ്യാഭ്യാസം/ പ്രൈവറ്റ് രജിസ്ട്രേഷൻ നാലാം സെമസ്റ്റർ ബി.എ (സി.യു.സി.ബി.സി.എസ്.എസ്) കോംപ്ലിമെന്ററി കോഴ്സ് പി.ഒ.എൽ.3.സി.03, പി.ഒ.എൽ.4.സി.04 പൊളിറ്റിക്കൽ സയൻസ്: സ്ട്രക്ചേഴ്സ് ആൻഡ് പ്രോസസ്, പൊളിറ്റിക്കൽ ഐഡിയോളജീസ് റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് പരീക്ഷ 31ന് ഉച്ചയ്ക്ക് രണ്ടിന് നടക്കും. പരീക്ഷാ കേന്ദ്രത്തിൽ മാറ്റമില്ല.

■ എം.ബി.എ പ്രവേശന കൗൺസലിംഗ്

എം.ബി.എ പ്രവേശന കൗൺസലിംഗ് കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് പഠനവകുപ്പിൽ 13, 14 തിയതികളിൽ നടക്കും. 13ന് രാവിലെ റാങ്ക് ഒന്ന് മുതൽ 50 വരെയുള്ളവരും, ഉച്ചക്ക് 51 മുതൽ നൂറ് വരെയുള്ളവരും ഹാജരാകണം. 14ന് രാവിലെ 101 മുതൽ 150 വരെയുള്ളവരും, ഉച്ചയ്ക്ക് 151 മുതൽ 188 വരെയുള്ളവരും ഹാജരാകണം.

■ പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ എം.എസ് സി റേഡിയേഷൻ ഫിസിക്സ് (സി.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എം.എ ഇസ്‌ലാമിക് സ്റ്റഡീസ് (സി.യു.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 20 വരെ അപേക്ഷിക്കാം.

എം.എസ്‌സി ബയോടെക്നോളജി രണ്ടാം സെമസ്റ്റർ (ജൂൺ 2017), മൂന്നാം സെമസ്റ്റർ (ഡിസംബർ 2017), നാലാം സെമസ്റ്റർ (ജൂലായ് 2018) പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ.

■ പുനഃപരീക്ഷ

മാർച്ച് രണ്ടിന് തൃശ്ശൂർ ശ്രീ എറണാകുളത്തപ്പൻ കോളേജ് ഒഫ് എൻജിനിയറിംഗ് ആൻഡ് മാനേജ്മെന്റിൽ നടത്തിയ ബി.ടെക് മൂന്നാം സെമസ്റ്റർ (2014 സ്കീം) പേപ്പർ ഇ.എൻ.14301 എഞ്ചിനീയറിംഗ് മാത്തമാറ്റിക്സ് പരീക്ഷ റദ്ദ് ചെയ്തു. പുനഃപരീക്ഷ ആഗസ്റ്റ് 20ന് അതേ കേന്ദ്രത്തിൽ രാവിലെ 9.30ന് നടക്കും.

കുസാറ്റ്
www.cusat.nic.in

■ സ്പോട്ട് അഡ്മിഷൻ

കൊച്ചി സർവകലാശാല സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നടത്തുന്ന എം.ടെക് എൻജിനിയറിംഗ് സ്റ്റാറ്റിസ്റ്റിക്സ് കോഴ്സിൽ ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും സ്പോട്ട് അഡ്മിഷൻ 14ന് നടക്കും. ഫോൺ: 0484 2575893, www.cusat.nic.in.

ഷിപ്പ് ടെക്നോളജി വകുപ്പ് നടത്തുന്ന എം.ടെക് (കമ്പ്യൂട്ടർ എയ്ഡഡ് സ്ട്രക്ചറൽ അനാലിസിസ് ആൻഡ് ഡിസൈൻ) കോഴ്സിൽ സ്പോട്ട് അഡ്മിഷൻ 13 ന് നടക്കും. ഫോൺ : 0484 2575714.